JUNE EDITION

Vol. 6/2021

# നവജ്യോതി

*LIGHTED TO ENLIGHTEN*

Navajyothi College Cherupuzha, PB No.5, Cherupuzha P.O, Kannur Dt, Kerala 670511


## പരിസ്ഥിതി ദിനത്തിൽ പ്രവർത്തനമാരംഭിച്ച് ഫ്ളോറ നേച്ചർ ക്ലബ്ബ്

പ്രകൃതി സംരക്ഷണവും വനവൽക്കരണവും ലക്ഷ്യം വച്ച് നവജ്യോതി കോളേജിൽ ഫ്ളോറ എന്ന പേരിൽ നേച്ചർ ക്ലബ്ബ് പ്രവർത്തനമാരംഭിച്ചു. ജൂൺ അഞ്ചാം തീയ്യതി രാവിലെ ഒമ്പതരയ്ക്ക് ഗൂഗിൾ മീറ്റ് വഴിയായിരുന്നു ഉദ്ഘാടനം.

ശ്രീമതി. ട്രീസ ദിവ്യ ടി.ജെ (Assistant professor, Department of Hisory, UC-College, Aluva) യാണ് ഉദ്ഘാടനം നിർവഹിച്ചത്.

കോളേജ് മാനേജർ ഫാ.ജോൺ കൊച്ചുപുരയ്ക്കൽ, പ്രിൻസിപ്പൽ ഡോ. അരവിന്ദൻ എം എന്നിവർ സന്നിഹിതരായിരുന്നു. ക്ലബ്ബിൽ അംഗങ്ങളായ വിദ്യാർത്ഥികളും മീറ്റിൽ പങ്കെടുത്തു.

ക്ലബ്ബിന്റെ നേതൃത്വത്തിൽ Erde 2021 എന്ന പേരിൽ ഒരു മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി മാസ ആഘോഷത്തിനും ഇതോടെ തുടക്കമായി.





## NEW FACULTY



SOPHY DOMINIC
DEPT.OF ENGLISH

## വെർച്വൽ ഇൻഡസ്ട്രി വിസിറ്റ്





കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നവജ്യോതി കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് വെർച്വൽ ഇൻഡസ്ട്രി വിസിറ്റ് നടത്തി. വയനാട് ജില്ലയിലെ വാം ടീഎന്ന തേയില കമ്പനിയാണ് ഇൻഡസ്ട്രി വിസിറ്റിനായി തിരഞ്ഞെടുത്തത്. ജൂൺ പതിനാലാം തിയ്യതി പതിനൊന്നുമണിക്ക് ഗൂഗിൾ മീറ്റിലൂടെയായിരുന്നു വിസിറ്റ്. വാം ടി വയനാടിന്റെ ജനറൽ മാനേജർ റവ.ഫാ. ജോഷി സെബാസ്റ്റ്യൻ ആയിരുന്നു മുഖ്യാതിഥി. പാഠ്യപദ്ധതിയിലുള്ള ഇൻഡസ്ട്രിയൽ വിസിറ്റ് കൊവിഡ് മൂലം നടത്താനാവാത്ത സാഹചര്യത്തിലാണ് വെർച്വൽ പ്ലാറ്റ് ഫോം തിരഞ്ഞെടുത്തത്.

## ഇൻഡക്ഷൻ പ്രോഗ്രാം

നവജ്യോതി കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് കംപ്യൂട്ടർ സ്റ്റഡീസ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

ജൂൺ പതിനാലാം തിയ്യതി രാവിലെ പത്തരയ്ക്ക് ഗൂഗിൾ മീറ്റ് വഴിയായിരുന്നു പ്രോഗ്രാം.




## ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു




നവജ്യോതി കോളേജിന്റെയും ഐ.ക്യു.എ.സി യുടെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ പത്തൊൻപതാം തിയ്യതി രാവിലെ പത്തുമണിക്ക് ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. Academic Leadership: A journey towards Teacher Career Progression എന്നതായിരുന്നു പരിപാടിയുടെ വിഷയം. പ്രൊഫസർ എം.എൽ സായ്കുമാർ ആയിരുന്നു റിസോഴ്സ് പേഴ്സൺ. വിദ്യാഭ്യാസ വിചക്ഷണനും നിരവധി അക്കാദമിക് പുസ്തകങ്ങളുടെ രചയിതാവുമാണ് അദ്ദേഹം. ദേശീയ അന്തർദേശീയ തലങ്ങളിൽ നിരവധി കോൺഫറൻസുകളും സെമിനാറുകളും അദ്ദേഹം നടത്തിയിട്ടുണ്ട്.

ടീച്ചേഴ്സ് അക്കാദമിയുടെ രണ്ടായിരത്തിപ്പത്തിലെ ഇൻസ്പയറിംഗ് ടീച്ചേഴ്സ് അവാർഡ് ജേതാവായിരുന്നു. ഐ.ക്യു.എ.സി കോർഡിനേറ്റർ ശ്രീമതി സിംന സൈമൺ സ്വാഗതം ആശംസിച്ചു. കോളേജ് ഡയറക്ടർ ഫാ.സിജോയ് പോൾ സന്നിഹിതനായിരുന്നു. ഗൂഗിൾ മീറ്റ് വഴി നടത്തിയ പ്രോഗ്രാം അധ്യാപകർക്കും വളരെ പ്രയോജനപ്രദമായിരുന്നു.

## ദിനാചരണങ്ങളുടെ ജൂൺ

*JOSEPH JACOB*
*FIRST YEAR BA ENGLISH*

മറ്റെല്ലാ മാസങ്ങളെയും അപേക്ഷിച്ച് ജൂൺ മാസത്തിൽ ദിനാചരണങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ഓരോ ദിനങ്ങൾക്കും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഈ മാസത്തെ പ്രധാന ദിവസങ്ങളിലൂടെ നമുക്ക് കണ്ണോടിക്കാം. ജൂൺ അഞ്ച് പരിസ്ഥിതി ദിനമാണെന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ. നമ്മൾ എല്ലാവരും അന്ന് നടുന്ന മരങ്ങൾ പിന്നെ തിരിഞ്ഞു നോക്കാറില്ല എന്നതാണ് സത്യം. അത് ഒരു ഫോട്ടോയ്ക്ക് വേണ്ടിയുള്ള ദിവസമാക്കാതെ പ്രകൃതിയെ മനസ്സിലാക്കുന്നതിനും സ്നേഹിക്കുന്നതിനും ഉള്ള ദിവസമായി മാറ്റുക. ജൂൺ എട്ട് ലോക സമുദ്രദിനം. ഇന്നത്തെ സമുദ്രങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. മനുഷ്യൻ പുറന്തള്ളുന്ന മാലിന്യങ്ങളും അശാസ്ത്രീയമായ നിർമാണ പ്രവർത്തനങ്ങളും എല്ലാം തന്നെ സമുദ്രങ്ങളെ നശിപ്പിക്കുന്ന ഘടകങ്ങളാണ്. ഇതുമൂലം പ്രകൃതിയുടെയും തന്റെ തന്നെയും ആവാസ വ്യവസ്ഥയ്ക്കുണ്ടാകുന്ന കോട്ടം ചെറുതല്ല. ജൂൺ പന്ത്രണ്ട് ബാലവേല വിരുദ്ധ ദിനം. ആയിരത്തിതൊള്ളായിരത്തി എൺപത്തി ആറു മുതൽ ബാലവേല വിരുദ്ധ ആക്ട് നിലവിലുണ്ടെങ്കിലും അത് ഇന്നും പൂർണമായി ഒഴിവാക്കാൻ സാധിച്ചിട്ടില്ല. പുസ്തകങ്ങളെ സ്നേഹിക്കേണ്ട കാലത്ത് പണിയായുധങ്ങൾ കയ്യിലെടുക്കേണ്ടി വരുന്ന കുട്ടികളെ രക്ഷിക്കാൻ വേണ്ടിയാണ് ഈ നിയമം.

ജൂൺ പതിനാല് രക്തദാന ദിനം. നമുക്ക് എല്ലാവർക്കും തന്നെ ചെയ്യാൻ പറ്റുന്ന വളരെ ചെറിയ കാര്യമാണിത്. എന്നാൽ ആ ചെറിയ കാര്യത്തിലൂടെ സഹജീവി സ്നേഹമെന്ന മഹത്തായ സന്ദേശം കൈമാറാൻ നമുക്ക് സാധിക്കും. ജൂൺ പതിനേഴ് പിതൃ ദിനം. അമ്മയുടെ സ്നേഹവും അച്ഛന്റെ കരുതലും കൂടിച്ചേരുമ്പോഴാണ് ഒരു കുഞ്ഞിന്റെ ജീവിതം ശോഭനമാകുന്നത്. ഈ ഒരു ദിവസത്തേക്കാളുപരി എന്നും നമ്മുടെ പിതാക്കൻമാരോട് സ്നേഹവും കരുതലും ഉണ്ടായിരിക്കുക. ജൂൺ പത്തൊൻപത് വായനാദിനം. പുസ്തകങ്ങളിലൂടെ നമുക്ക് അറിവുകൾ നേടാം. വിദ്യ എന്ന മഹാധനം സ്വായത്തമാക്കാൻ നമുക്ക് പരിശ്രമിക്കാം. ജൂൺ ഇരുപത്തി ഒന്ന് അന്താരാഷ്ട്ര യോഗ ദിനം. പിരിമുറുക്കങ്ങൾ നിറഞ്ഞ ആധുനിക ലോകത്തിൽ യോഗയ്ക്കുള്ള പ്രാധാന്യം വളരെ വലുതാണ്. ജൂൺ ഇരുപത്തി ആറ് ലോക ലഹരി വിരുദ്ധ ദിനം. പ്രായഭേദമന്യേ ലഹരിയുടെ ഉപയോഗം ഇന്നത്തെ കാലത്ത് വർധിച്ചുവരുന്നുണ്ട്. നമ്മളാൽ കഴിയുന്നതു പോലെ ലഹരിവിരുദ്ധ സന്ദേശം നമുക്ക് പ്രചരിപ്പിക്കാം.


## INIZIAZIONE




നവജ്യോതി കോളേജ് പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് INIZIAZIONE എന്ന പേരിൽ അഞ്ചാം സെമസ്റ്റർ ബി.കോം വിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

ജൂൺ ഇരുപത്തിമൂന്നാം തിയ്യതി രാവിലെ പത്ത് മണിക്ക് ഗൂഗിൾ മീറ്റ് വഴിയായിരുന്നു പരിപാടി.

## സ്റ്റുഡൻഡ്സ് വെർച്വൽ സിംപോസിയം




നവജ്യോതി കോളേജ് SAIN ET. AL.( Students Academic Incubator of Navajyothi (SAIN) & Others) ന്റെ ആഭിമുഖ്യത്തിൽ ലോക അഭയാർത്ഥി ദിനത്തോടനുബന്ധിച്ച് "Boarders & Refugees- A Tale of Conflict and Sunder" എന്ന വിഷയത്തിൽ വെർച്വൽ സിംപോസിയം സംഘടിപ്പിച്ചു. ജൂൺ ഇരുപത്തിഒൻപതാം തിയ്യതി ഗൂഗിൾ മീറ്റ് വഴിയായിരുന്നു പരിപാടി. എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ അധ്യാപകനും സിംപോസിയത്തിന്റെ കോർഡിനേറ്ററുമായ ജോബിൻ മാത്യു സ്വാഗതമാശംസിച്ചു. പ്രിൻസിപ്പൽ ഡോ.അരവിന്ദൻ എം അധ്യക്ഷനായിരുന്നു. മാനേജർ റവ. ഡോ. ഫാ.ജോൺ കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സിജോയ് പോൾ( Director), Mrs. സിംന സൈമൺ ( IQAC Coordinator), പ്രൊഫസർ എ.ജെ ഹരീന്ദ്രൻ( HOD, PG Department of English), Mr. മാത്യു എം.ജെ (HOD, PG Department of Commerce), Mrs. ആനി സുഫലമ്മ മാത്യു( HOD, Computer Studies), Mr. ഷിജോ ജോസ് (HOD, Management Studies), ഡോ. ശ്രീജ പുതിയപുരയിൽ (HOD Economics) എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. സിംപോസിയത്തിന്റെ മോഡറേറ്ററും എം.കോം മാർക്കറ്റിംഗ് വിദ്യാർത്ഥിനിയുമായ നൂറബി. പി നന്ദി പറഞ്ഞു.


Ms.ഡോണ ജോണി (BBA), Mr. ജോമൽ മാത്യു (B.Com), Mr. അതുൽ ജോർജ് (B.Com), Ms. സുധിന എ (M.Com), Ms. ആഗ്നസ് ജോസ് (BA Economics), Ms. അലീന ബാബു (BCA), Ms. എയ്ഞ്ചൽ മരിയ പി (BCA), Mr. അമൽ വർഗ്ഗീസ് (BA English), Mr. ആശിഷ് ജോസഫ് (MA English) എന്നിവരായിരുന്നു പ്രബന്ധാവതാരകർ.

## വീഡിയോ സ്റ്റാറ്റസ് മെയ്ക്കിംഗ് കോംപിറ്റിഷൻ




ലോക ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് നവജ്യോതി കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് കോളേജ് ലെവൽ വീഡിയോ സ്റ്റാറ്റസ് മെയ്ക്കിംഗ് കോംപിറ്റിഷൻ നടത്തി. A Child is Meant to Learn, not to Earn എന്നതായിരുന്നു മത്സരത്തിന്റെ പ്രമേയം. ജൂൺ പന്ത്രണ്ടിന് രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണി വരെയാണ് എൻട്രികൾ അയക്കാൻ സമയം നിശ്ചയിച്ചിരുന്നത്. എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനായ ശ്യാം സന്തോഷായിരുന്നു കോ ഓർഡിനേറ്റർ. തെരേസ് മരിയ( II nd year B.com), ശ്രീലക്ഷ്മി ജഗന്നാഥൻ (Ist year BA Economics) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

## വെബ്ബിനാർ നടത്തി




നവജ്യോതി കോളേജ് പി.ജി.ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ASANA എന്ന പേരിൽ അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് വെബ്ബിനാർ നടത്തി.

ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും എന്നതായിരുന്നു വെബ്ബിനാറിന്റെ വിഷയം.ജൂൺ ഇരുപത്തി ഒന്നാം തിയ്യതി രാവിലെ പതിനൊന്നരയ്ക്ക് ഗൂഗിൾ മീറ്റ് വഴിയായിരുന്നു വെബ്ബിനാർ.

യോഗശിരോമണി വിജയകുമാരൻ കെ (Kerala Yogasana Sports Association Senior Vice President) ആയിരുന്നു റിസോഴ്സ് പേഴ്സൺ.

## ലോക സമുദ്രദിന ക്വിസ് മത്സരം




നവജ്യോതി കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ലോക സമുദ്രദിനത്തിന്റെ ഭാഗമായി Booming Blue എന്ന പേരിൽ സംസ്ഥാന തല ക്വിസ് മത്സരം സംഘടിപ്പിച്ചു. ജൂൺ എട്ടാം തിയ്യതിയായിരുന്നു മത്സരം. ഗൂഗിൾ ഫോംസും വാട്സാപ്പും ഉപയോഗിച്ചാണ് മത്സരം നടത്തിയത്. മത്സരത്തിൽ നൂറ്റി മുപ്പത്തിനാല് കുട്ടികൾ പങ്കെടുത്തു.

അലൻ ഷാജി( Don Bosco Arts and Science College, Angadikkadavu), പാർവതി ജയ്സൺ(Christ College, Autonomous, Irinjalakkuda) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.




## പ്രകൃതിയെ അറിഞ്ഞ് നേച്ചർ ഫോട്ടോഗ്രഫി കോംപിറ്റിഷൻ.




നവജ്യോതി കോളേജ് ഫ്ളോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നേച്ചർ ഫോട്ടോഗ്രഫി കോംപിറ്റിഷൻ സംഘടിപ്പിച്ചു. Erday 2021 എന്ന പേരിൽ നടത്തുന്ന പരിസ്ഥിതി മാസാചരണത്തോടനുബന്ധിച്ചാണ് മത്സരം നടത്തിയത്.

ക്യാപ്ച്ചർ ദ ഗ്രീനറി എന്നതായിരുന്നു മത്സരത്തിന്റെ പ്രമേയം. ജൂൺ ആറാം തിയ്യതി രാവിലെ പതിനൊന്ന് മണിക്ക് മുൻപായി എൻട്രികൾ സമർപ്പിക്കാനാണ് നിർദേശിച്ചിരുന്നത്. മത്സരത്തിൽ അലൻ എ ചുണ്ടയിൽ(1st BBA), അലൻ സിബി(1st BCA), അഭിനന്ദ് ടി.വി (1st B.Com Co Operation) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## ഹരിതവായന




ജൂൺ പത്തൊൻപത് വായനാദിനത്തോടനുബന്ധിച്ച് ഫ്ളോറ നേച്ചർ ക്ലബ്ബ് ഹരിതവായന എന്ന പേരിൽ പുസ്തക നിരൂപണ മത്സരം സംഘടിപ്പിച്ചു. ജൂൺ ഇരുപത്തി ഒന്നാം തിയ്യതി രാത്രി ഒൻപതുമണിക്ക് മുൻപായി പുസ്തക നിരൂപണം ചെയ്യുന്നതിന്റെ വീഡിയോ വാട്സാപ്പ് വഴി സമർപ്പിക്കാനായിരുന്നു നിർദ്ദേശിച്ചിരുന്നത്. ഇംഗ്ലീഷിലോ മലയാളത്തിലോ വീഡിയോ അവതരിപ്പിക്കാൻ അവസരമുണ്ടായിരുന്നു.

മത്സരത്തിൽ എസ്നി ഏലിയാസ്(UC College, Aluva), ഹീര കൃഷ്ണ ആർ( Layola College, Trivandrum), രഞ്ജിത്ത് പി.എസ് (UC College, Aluva) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.


മത്സരത്തിന്റെ വിധി നിർണയം നടത്തിയിരിക്കുന്നത് അധ്യാപികയും യുവ സാഹിത്യ നിരൂപകയും ആയ മഞ്ജുൾ മേരി ആണ്.

## റീൽസ് കോംപിറ്റീഷൻ




നവജ്യോതി കോളേജ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് വിത്ത് ജേണലിസം ലിറ്ററി ക്ലബ്ബ് INKJOURN ന്റെ നേതൃത്വത്തിൽ ലോക ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് റീൽസ് കോംപിറ്റീഷൻ സംഘടിപ്പിച്ചു. ജൂൺ പന്ത്രണ്ട് വൈകുന്നേരം ഏഴ് മണിവരെയാണ് എൻട്രികൾ സമർപ്പിക്കാൻ അവസരം ഉണ്ടായിരുന്നത്. മുപ്പത് സെക്കന്റ് മുതൽ ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള വീഡിയോകളാണ് തയ്യാറാക്കാൻ ആവശ്യപ്പെട്ടത്. മോണോ ആക്ട്, ഇൻഫർമേറ്റീവ് ടോക്ക്, ന്യൂസ് റീഡിംഗ് തുടങ്ങി ഏതു വിധേനയും ആശയങ്ങൾ അവതരിപ്പിക്കാൻ അവസരമുണ്ടായിരുന്നു. മത്സരത്തിൽ അലീന തോമസ്( First Year ), സൽമത്ത് കെ.വി (Third Year), ജീനറ്റ് മരിയ സണ്ണി (First Year) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

## ഭൂമിക്ക് ഒരു കത്ത്




നവജ്യോതി കോളേജ് നേച്ചർ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി ഭൂമിക്കൊരു കത്ത് എന്ന പേരിൽ ഇന്റർ കൊളീജിയറ്റ് എഴുത്ത് മത്സരം സംഘടിപ്പിച്ചു. ജൂൺ ഒമ്പത് വൈകുന്നേരം അഞ്ച് മണിവരെയാണ് എൻട്രികൾ അയക്കാൻ മത്സരാർത്ഥികൾക്ക് സമയം നൽകിയിരുന്നത്.

മത്സരത്തിൽ അന്ന ഡൊമിനിക്( Alphonsa College Pala), റോസ് പിങ്കി മരിയ(UC College, Aluva) ജോമൽ മാത്യു( Navajyothi College, Cherupuzha) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2021 ലെ മാതൃഭൂമി യുവ ചെറുകഥാ പുരസ്കാര ജേതാവ് കാവ്യ അയ്യപ്പൻ ആണ് വിധി നിർണയം നടത്തിയത്.

## വെബ്ബിനാർ നടത്തി





നവജ്യോതി കോളേജ് നേച്ചർ ക്ലബ്ബ് ഫ്ളോറയുടെ നേതൃത്വത്തിൽ 'കേരളത്തിന്റെ ഭൂപ്രകൃതിയും വികസനവും' എന്ന വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിച്ചു. ജൂൺ പത്തൊൻപതാം തിയ്യതി വൈകുന്നേരം ആറുമണിക്ക് ഗൂഗിൾ മീറ്റ് വഴിയായിരുന്നു പ്രോഗ്രാം. ഫ്ളോറ നടത്തുന്ന പരിസ്ഥിതി മാസാചരണത്തോടനുബന്ധിച്ചാണ് വെബ്ബിനാർ നടത്തിയത്. ഡോ. ജി.ഡി മാർട്ടിൻ ( Senoir Research Associate, CUSAT) ആയിരുന്നു മുഖ്യ പ്രഭാഷകൻ. പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റും നൽകിയിരുന്നു.

# എൻ.എസ്.എസ് വാർത്തകൾ

## വെബ്ബിനാർ നടത്തി

നവജ്യോതി കോളേജ് എൻ.എസ്.എസ് യൂണിറ്റ് വെബ്ബിനാറുകൾ സംഘടിപ്പിച്ചു. ജൂൺ പന്ത്രണ്ടാം തിയ്യതി ബാലവേല ദിനത്തോടനുബന്ധിച്ച് നടന്ന വെബ്ബിനാറിൽ 'കുട്ടികളുടെ അവകാശങ്ങൾ ഇന്ത്യയിൽ' എന്നതായിരുന്നു വിഷയം. അഡ്വഃ ബിനിത ബാബു LLM ( Practicing lawyer at Taliparamba) ആയിരുന്നു റിസോഴ്സ് പേഴ്സൺ. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും അവകാശലംഘനങ്ങൾക്കുള്ള ശിക്ഷകളെക്കുറിച്ചും വെബ്ബിനാറിൽ പ്രതിപാദിച്ചു. വൈകുന്നേരം ആറുമണി മുതൽ ഏഴ് മണിവരെയായിരുന്നു വെബ്ബിനാർ നടന്നത്. ജൂൺ ഇരുപത്തി ആറാം തിയ്യതി റിന്യൂവബിൾ എനർജി എന്ന വിഷയത്തിൽ വെബ്ബിനാർ സംഘടിപ്പിച്ചു. 'Do not Waste Even a Bit' എന്നതായിരുന്നു വെബ്ബിനാറിന്റെ പ്രമേയം. റോജിൻ സ്കറിയ( Project Officer, the Andhyodaya, Angamally) ആയിരുന്നു റിസോഴ്സ് പേഴ്സൺ. പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണമായിരുന്നു വെബ്ബിനാറിന്റെ ഉദ്ദേശം. വെബ്ബിനാറിൽ പങ്കെടുത്തവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.




## കരകൗശല നിർമാണ മത്സരം




നവജ്യോതി കോളേജ് പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി OKOLINA എന്ന പേരിൽ കരകൗശല നിർമാണ മത്സരം സംഘടിപ്പിച്ചു. കരകൗശലവസ്തുക്കൾ നിർമിക്കുന്നതിന്റെ വീഡിയോ അയക്കാനായിരുന്നു മത്സരാർത്ഥികൾക്കുള്ള നിർദേശം. ജൂൺ എട്ട് രാത്രി പന്ത്രണ്ട് മണിവരെയായിരുന്നു എൻട്രികൾ അയക്കാനുള്ള സമയം.


മത്സരത്തിൽ ഷസ്ന അസീസ്(ITM College of Arts and Science Mayyil), അക്ഷയ രാധാകൃഷ്ണൻ(IGNOU) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

## ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു



നവജ്യോതി കോളേജ് എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചെറുപുഴ പഞ്ചായത്തിൽ ക്വാറന്റീനിൽ കഴിയുന്ന കുടുംബങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്തു. പതിനെട്ട് സാധനങ്ങൾ അടങ്ങിയ അറുപത്തി ഏഴ് കിറ്റുകളാണ് യൂണിറ്റ് അംഗങ്ങൾ വിതരണം ചെയ്തത്. കോളേജ് മാനേജർ ഫാ. ജോൺ കൊച്ചുപുരയ്ക്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റ് പ്രതിനിധികളും എൻ.എസ്.എസ് ഭാരവാഹികളും വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. കൊവിഡ് നിയന്ത്രണങ്ങൾ പാലിച്ചായിരുന്നു പരിപാടി നടത്തിയത്.

## ചിത്രരചനാ മത്സരം




പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് നവജ്യോതി കോളേജ് എൻ.എസ്.എസ് യൂണിറ്റ് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. "Commit TO Quit" എന്നതായിരുന്നു മത്സരത്തിന്റെ പ്രമേയം. മെയ് മുപ്പത്തി ഒന്നിനുള്ളിൽ എൻട്രികൾ സമർപ്പിക്കാനാണ് നിർദേശിച്ചിരുന്നത്. മത്സരത്തിൽ ശോണിമ വി.റ്റി (Don Bosco Arts and Science College, Angadikkadavu), അഡോണ ബിനോയ്( Navajyothi arts and Science College, Cherupuzha) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**Printed and Published by: Navajyothi College Cherupuzha**
**Department of English with Journalism**
**Managing Editor: Nelma Baby**
**Chief Editor: Joseph Jacob**
**Sub Editors: Amal Roy, Aadithya Sajan, Jeena George, Jeenat Maria Sunny**
**All rights are reserved @ Nvajyothi College Cherupuzha**